പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **1883**

16-02-2016 - ൽ മറുപടിയ്ക്ക്

**കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ട്**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ടി.എൻ.പ്രതാപൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.ഷാഫി പറമ്പിൽ :** | | **ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും<br>വകുപ്പ് മന്ത്രി** |
| എ) | കടൽ രക്ഷാപ്രവർത്തനം, കടൽ പട്രോളിംഗ് എന്നിവ കെ.എം.എഫ്.ആർ ആക്ട് പ്രകാരം ശക്തമാക്കാൻ നടപടി സ്വീകരിക്കുമോ; | എ) | കേരളത്തിലെ വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ബോട്ട് വാടകയ്ക്ക് എടുത്ത് കടൽരക്ഷാ പ്രവർത്തനങ്ങളും കടൽ പട്രോളിംഗും നടത്തി വരുന്നു. |
| ബി) | കേരളത്തിന്റെ 9 തീരദേശ ജില്ലകളിലും ഫിഷറീസ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ നടപടി കൈക്കൊള്ളുമോ; | ബി) | തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ 5 തീരദേശ ജില്ലകളിൽ നിലവിൽ ഫിഷറീസ് സ്റ്റേഷനുകൾ ഉണ്ട്. ഫിഷറീസ് സ്റ്റേഷനുകൾ നിലവിലില്ലാത്ത ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നീ തീരദേശ ജില്ലകളിൽ നബാർഡിന്റെ ധനസഹായം ഉപയോഗിച്ചുള്ള RIDF 19 എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഫിഷറീസ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | കടൽ സുരക്ഷ, പട്രോളിംഗ്, തീരം വഴിയുള്ള ഭീകരപ്രവർത്തന ഭീഷണി, പ്രതിരോധം എന്നിവ ശക്തമായി നടപ്പാക്കുവാൻ ഫിഷറീസ് സ്റ്റേഷൻ മേധാവികളായി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർമാരെ നിയമിക്കുമോ ? | സി) | ഫിഷറീസ് സ്റ്റേഷൻ മേധാവികളായി ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർമാരാണ് നിലവിലുള്ളത്. |

Jeyasree

**സെക്ഷൻ ഓഫീസർ**